സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ : ജാഫർ മലിക് ഐ.എ.എസ്)

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം - മുഖ്യമന്ത്രിയുടെ പൊതുജന പരാതി സെൽ - cmo.kerala.gov.in വെബ് പോർട്ടൽ മുഖേന ബഹു.മുഖ്യമന്ത്രിക്ക് ലഭിക്കുന്ന ഓൺലൈൻ പരാതികൾ /അപേക്ഷകൾ നിരീക്ഷിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. സാമൂഹ്യനീതി ഡയറക്ടറുടെ 06/10/2018 ലെ ഇ9/27580/17 നമ്പർ നടപടിക്രമങ്ങൾ

2.സർക്കുലർ നം സി.എം.പി.ജി.ആർ.സി/2018/23/4പൊ.ഭ.വ തീയതി 08/10/2018

*തിരുവനന്തപുരം*

***ഉത്തരവ് നമ്പർ - ഇ9/27580/17*** *തീയതി 03/11/2018*

ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി സെൽ മുഖേന ലഭിക്കുന്ന ഓൺലൈൻ പരാതികൾ /അപേക്ഷകൾ നിരന്തരം നിരീക്ഷിച്ച് യഥാസമയം നടപടി സ്വീകരിക്കുന്നതിനും പ്രതിമാസ അവലോകന റിപ്പോർട്ട് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിലേക്ക് ലഭ്യമാക്കുന്നതിനും വകുപ്പുതലത്തിലും ജില്ലാതലത്തിലും നിയമിക്കപ്പെട്ട നോഡൽ ഓഫീസർമാർ പ്രതിമാസ അവലോകന റിപ്പോർട്ട് priority.cmo.kerala.gov.in എന്ന ഇ –മെയിലിൽ ലഭ്യമാക്കുവാൻ പരാമർശം (1) പ്രകാരം നിർദ്ദേശിച്ചിരുന്നു .എന്നാൽ പ്രസ്തുത ഇ മെയിൽ വിലാസം priority.cmo@kerala.gov.in എന്ന് തിരുത്തുവാൻ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരം നിയമിതരായ നോഡൽ ഓഫീസർമാരുടെ പ്രതിമാസ റിപ്പോർട്ട് priority.cmo@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിൽ നൽകേണ്ടതാണെന്നുള്ള നിർദ്ദേശം നൽകി പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും

**പകർപ്പ്**

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. സൂപ്രണ്ട്, ഐ.റ്റി.സെക്ഷൻ ( വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സൂപ്രണ്ട്, സി സെക്ഷൻ
4. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ യ്ക്ക്
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്